"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്ലാനിംഗ് വിഭാഗം-ജീവനക്കാര്യം-ശ്രീ. അരുൺ.ജി, ടൗൺ പ്ലാനറുടെ നിരീക്ഷണ കാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.1524/2024/LSGD തീയതി,തിരുവനന്തപുരം, 14-08-2024

പരാമർശം

1. സ.ഉ.(സാധാ)നം.1910/2021/തസ്വഭവ തീയതി 15.10.2021.
2. ശ്രീ. അരുൺ ജി യുടെ 3.1.2024 തീയതിയിലെ അപേക്ഷ.
3. അക്കൗണ്ടന്റ് ജനറലിന്റെ 18.6.2024 തീയതിയിലെ GE19/13/TPA-34/63197/283 നമ്പർ കത്ത്.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 1.8.2024 തീയതിയിലെ LSGD/PD/9531/2024 DEH2 നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിൽ, പത്തനംതിട്ട ജില്ലാ ടൗൺ പ്ലാനർ തസ്തികയിൽ പരാമർശം (1) പ്രകാരം സ്ഥാനക്കയറ്റം ലഭിക്കുകയും, 7/10/2021 മുതൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്ത ശ്രീ.അരുൺ. ജി- യുടെ, ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലം തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

ടിയാൻ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും എടുത്തിട്ടില്ലെന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം (3) പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശ്രീ. അരുൺ. ജി നിരീക്ഷണ കാലയളവിനെ ബാധിക്കുന്ന തരത്തിൽ അവധി എടുത്തിട്ടില്ലായെന്നും, 28.03.2022, 29.03.2022 തീയതികളിലെ ഡയസ്നോൺ ബാധകമാക്കിയിട്ടുള്ളതായും, കൂടാതെ ടിയാളുടെ സ്വഭാവവും ജോലിയും തൃപ്തികരമാണെന്നും പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 07.10.2021 പൂർവാഹ്നത്തിൽ ടൗൺ പ്ലാനർ തസ്തികയിൽ പ്രവേശിച്ച ശ്രീ.അരുൺ.ജി -യുടെ ടൗൺ പ്ലാനർ തസ്തികയിലെ പ്രൊബേഷൻ ടിയാൻ പൊതുപണിമുടക്കിൽ പങ്കെടുത്തിരുന്ന 2 ദിവസം നീക്കി

കെ.എസ്&എസ്.എസ്.ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം 09.04.2022 പൂർവാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അഷറഫ് എ

അണ്ടർ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2. ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3. ശ്രീ.അരുൺ. ജി, ടൗൺ പ്ലാനർ, പ്ലാനിംഗ് വിഭാഗം, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
Date: 14-08-2024 15:06:55
സെക്ഷൻ ഓഫീസർ